(ബി) സ്പോർട്സ് രംഗത്ത്എന്തെല്ലാം നേട്ടങ്ങളാണ് ഇതുമൂലം കൈവരിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സ്പോർട്സ് രംഗത്ത് ഇതുമൂലം ഉണ്ടായത് ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ വേദികളിൽ വച്ച് നടക്കുകയുണ്ടായി.

(ബി&സി) കേരളത്തിലെ കായികപ്രേമികളും സാധാരണക്കാരും ഒരേ മനസ്സോടെയാണ് ദേശീയ ഗെയിംസിന്റെ ഭാഗമായത്. മെഡൽ നിലയിൽ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 54 സ്വർണ്ണം ഉൾപ്പെടെ 162 മെഡലുകളോടെ കേരളം ഒന്നാമതെത്തിയത് കായികമേഖലയ്ക്ക് ഒരു നവോൻമേഷം പകർന്നിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള കളിയിടങ്ങൾ സജ്ജമാക്കുകയും കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തതിലൂടെ ഭാവിയിൽ കായികതാരങ്ങൾക്ക് യഥേഷ്ടം പരിശീലനം നടത്താനും ഇതര അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കുവാനും അവസരമൊരുങ്ങി. 9 പുതിയ സ്റ്റേഡിയങ്ങളും 17 നവീകരിച്ച സ്റ്റേഡിയങ്ങളും 35 കോടി രൂപയ്ക്കുള്ള കായിക ഉപകരണങ്ങളും 35-ാം ദേശീയ ഗെയിംസിലൂടെ കേരളത്തിന്റെ കായിക മേഖലയ്ക്ക് കൈമുതലായി ഭവിച്ചതിനാൽ അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച വിജയം നേടുന്നതിന് കേരള താരങ്ങളെ പ്രാപ്തമാക്കും എന്ന് ഉറപ്പാണ്. ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ഹോക്കി, വോളിബോൾ, സ്ക്വാഷ്, ഷൂട്ടിംഗ് തുടങ്ങിയ ഇനങ്ങളിലെ അന്താരാഷ്ട്ര മത്സരങ്ങൾക്ക് ഈ സ്റ്റേഡിയങ്ങൾ വേദികളാകുന്നതിലൂടെ ഈ ഇനങ്ങളിൽ കേരളത്തിലെ കായികതാരങ്ങൾക്കും പൊതുജനങ്ങൾക്കും പുതിയ ഉണർവ് കൈവരുന്നതാണ്.

ദേശീയ ഗെയിംസിനായി പുതുതായി നിർമ്മിച്ചതും നവീകരിച്ചതുമായ സ്റ്റേഡിയങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

പുതിയ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

328 (339) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്പോർട്സ് സ്കൂളുകളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിങ്ങനെ രണ്ട് സ്കൂളുകളും പട്ടികജാതി വകുപ്പിന്റെ കീഴിൽ വെള്ളായണി ശ്രീ. അയ്യങ്കാളി മെമ്മോറിയൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളും ഉൾപ്പെടെ മൂന്ന് സ്പോർട്സ് സ്കൂളുകൾ നിലവിലുണ്ട്.

(ബി) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതിയ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. പട്ടികജാതി വകുപ്പിലും പ്രസ്തുത വിഷയം പരിഗണനയിലില്ല. സ്പോർട്സ് വകുപ്പിന് കീഴിൽ കാഞ്ഞിരപ്പള്ളി കന്നുംഭാഗം ഗവ. ഹൈസ്കൂളിനെ സ്പോർട്സ് സ്കൂളാക്കി മാറ്റുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

നാഷണൽ ഗെയിംസ്

329 (340) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നടന്ന നാഷണൽ ഗെയിംസിനായി ആകെ എത്ര തുകയാണ് ചെലവഴിച്ചതെന്നും ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ബി) നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നാഷണൽ ഗെയിംസിനായി തയ്യാറാക്കിയ സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനത്തിനായി സംസ്ഥാന കായിക വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) നാഷണൽ ഗെയിംസിനായി അനുവദിച്ച തുക ഇതിന്റെ തുടർപരിപാലനത്തിനായി വക കൊള്ളിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly